പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.222 | 04/06/2018 ൽ മറുപടിക്ക് |
|---|---|

**വിജിലൻസ് അന്വേഷണം കാര്യക്ഷമമാക്കൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസിന്റെ അന്വേഷണം കാര്യക്ഷമമാക്കാനും വകുപ്പിന്റെ ഇടപെടലുകൾ ഫലപ്രദമാക്കാനും കുറ്റക്കാരെ കണ്ടെത്താനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസിന്റെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന്റെയും വകുപ്പിന്റെ ഇടപെടലുകൾ ഫലപ്രദമാക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന്റെയും ഭാഗമായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1) അഴിമതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ മുഖേന സോഴ്സ് റിപ്പോർട്ടുകൾ ശേഖരിക്കുകയും ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകുകയും ചെയ്യുന്നു.<br>2)ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ 52 ഉദ്യോഗസ്ഥർക്ക് സി-ഡാക്കിന്റെ സഹായത്തോടെ ഒരു |

| | | | |
|---|---|---|---|
| | | | [illegible] വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br>3) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരളാ യൂണിവേഴ്സിറ്റിയിലെ വിദഗ്ധ ഗവേഷകരുടെ നേതൃത്വത്തിൽ ഒരു പഠനം നടന്നുകൊണ്ടിരിക്കുന്നു.<br>4) വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിൽ COB മെസ്സേജ് സംവിധാനം ആരംഭിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഴിമതി നിരോധന നിയമമനുസരിച്ചും സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയതുമായ എത്ര പേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്;ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഴിമതി നിരോധന നിയമമനുസരിച്ച് സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയ 1334 പേർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടവരായി കഴിഞ്ഞ സർക്കാർ കാലയളവിൽ വിജിലൻസ് എത്ര പേരെ കണ്ടെത്തി;എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു;എത്ര പേരെ കുറ്റവിമുക്തരാക്കി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അഴിമതി നിരോധന നിയമനുസരിച്ചും സർക്കാർ നിർദ്ദേശങ്ങൾക്കും നടപടി ക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച 2892 പേർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ട്. വിവിധ കേസുകളിലായി 612 പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## ഈ സർക്കാരിന്റെ കാലത്തെ കണക്കുകൾ

അനുബന്ധം - 1

| ക്രമനമ്പർ | ജില്ല | പ്രതികളുടെ എണ്ണം |
|---|---|---|
| 1) | തിരുവനന്തപുരം | 200 |
| 2) | കൊല്ലം | 54 |
| 3) | പത്തനംതിട്ട | 14 |
| 4) | ആലപ്പുഴ | 85 |
| 5) | കോട്ടയം | 81 |
| 6) | ഇടുക്കി | 82 |
| 7) | എറണാകുളം | 104 |
| 8) | തൃശ്ശൂർ | 323 |
| 9) | പാലക്കാട് | 117 |
| 10 | മലപ്പുറം | 64 |
| 11) | കോഴിക്കോട് | 97 |
| 12) | വയനാട് | 26 |
| 13) | കണ്ണൂർ | 50 |
| 14) | കാസർകോട്. | 37 |
| | ആകെ | 1334 |

Lakshmi

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## മുൻ സർക്കാരിന്റെ കാലത്തെ കണക്കുകൾ

| ക്രമനമ്പർ | ജില്ല | പ്രതികളുടെ എണ്ണം | കുറ്റവിമുക്തരാക്കപ്പെട്ടവർ |
|---|---|---|---|
| 1) | തിരുവനന്തപുരം | 372 | 67 |
| 2) | കൊല്ലം | 89 | 11 |
| 3) | പത്തനംതിട്ട | 53 | 22 |
| 4) | ആലപ്പുഴ | 113 | 0 |
| 5) | കോട്ടയം | 153 | 48 |
| 6) | ഇടുക്കി | 115 | 14 |
| 7) | എറണാകുളം | 374 | 145 |
| 8) | തൃശ്ശൂർ | 465 | 36 |
| 9) | പാലക്കാട് | 203 | 59 |
| 10 | മലപ്പുറം | 155 | 11 |
| 11) | കോഴിക്കോട് | 254 | 22 |
| 12) | വയനാട് | 134 | 25 |
| 13) | കണ്ണൂർ | 303 | 148 |
| 14) | കാസർകോട്. | 109 | 4 |
| | ആകെ | 2892 | 612 |

സെക്ഷൻ ഓഫീസർ